പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 107 — 26. 9.11 ൽ മറുപടിയ്ക്ക്

## തങ്കശ്ശേരി തുറമുഖ വികസനം

**ചോദ്യം**
ശ്രീ. പി.കെ.ഗുരുദാസൻ

**മറുപടി**
ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | 2010-11 സാമ്പത്തിക വർഷം കൊല്ലം തങ്കശ്ശേരി തുറമുഖത്തിനുവേണ്ടി വാങ്ങാൻ തീരുമാനിച്ച മൾട്ടി പർപ്പസ് ക്രെയിനും ഫോർക് ലിഫ്റ്റും വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായോ ; എന്നത്തേക്ക് ഇവ ലഭ്യമാക്കാൻ കഴിയും ; | എ | ഇല്ല. കൊല്ലം-തങ്കശ്ശേരി തുറമുഖ പ്രവർത്തനത്തിനുവേണ്ടി കണ്ടെയ്നർ മൊബൈൽ ക്രെയിൻ വാങ്ങുന്നതിന് 11 കോടിയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ഫോർക്ക് ലിഫ്റ്റിനുള്ള ഓർഡർ നൽകിക്കഴിഞ്ഞു. അഞ്ചുമാസത്തിനകം ഫോർക്ക് ലിഫ്റ്റ് തുറമുഖത്ത് എത്തുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി | തുറമുഖത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിനു വേണ്ടി കേന്ദ്ര ഗവൺമെന്റും എ.എസ്.ഐ.ഡി.ഇ സ്കീമിൽ അനുവദിച്ച 12.8 കോടി രൂപയിൽ ടെണ്ടർ എക്സസ് ആയ 1.53 കോടി രൂപ അനുവദിക്കാനുള്ള നടപടികൾ പൂർത്തിയായോ; പൂർത്തിയാകാത്ത റോഡിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | ബി | ദർഘാസ് അധികംമൂലം പ്രവൃത്തിയുടെ പൂർത്തീകരണത്തിന് അധികമായി ആവശ്യം വന്ന 1.53 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. എ.എസ്.ഐ.ഡി.ഇ സ്കീമിൽ ടെണ്ടർ എക്സസ് നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ കേന്ദ്ര സർക്കാർ ഈ തുക അനുവദിച്ചിട്ടില്ല. തുക ലഭ്യമാക്കി റോഡ് നിർമ്മാണം പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി | പോർട്ടിന്റെ കിഴക്കുഭാഗത്ത് പ്രധാന റോഡിലേക്കു പുതിയൊരു റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി അക്വയർ ചെയ്യാനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | സി | റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി അക്വയർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി കൊല്ലം ജില്ലാ കളക്ടർ 17/9/11-ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, റവന്യൂ വകുപ്പ്, തുറമുഖ |

| | | | |
|---|---|---|---|
| | | | വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും, ചർച്ച കൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 20/9/11 ന് മേൽപ്പറഞ്ഞ വകുപ്പുകളിലെ ഉദ്യോഗസ്ഥർ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും അക്വയർ ചെയ്യാനുള്ള സ്ഥലത്തിന്റെ സ്കെച്ച് തയ്യാറാക്കുവാനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ, സർവ്വേ നമ്പർ, വിസ്തീർണ്ണം മുതലായവ രേഖപ്പെടുത്തി നൽകാമെന്ന് റവന്യൂ വകുപ്പ് അധികൃതർ അറിയിച്ചിട്ടുണ്ട്. |
| ഡി | മൈനർ പോർട്ടുകൾക്ക് വേണ്ടി ഡ്രഡ്ജർ വാങ്ങാനുള്ള ബഡ്ജറ്റ് തീരുമാനം നടപ്പിലാക്കുമോ ; | ഡി | Cutter Suction Dredger വാങ്ങുന്നതിനുവേണ്ടി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ | 30-6-2011 നു ബഹു. മന്ത്രി വിളിച്ചുചേർത്ത യോഗതീരുമാന പ്രകാരം കൊല്ലം പോർട്ടിൽ ചരക്കു കപ്പലുകൾ ഓപ്പറേറ്റ് ചെയ്യാനുള്ള നടപടികൾ ഉടനെ പൂർത്തിയാക്കുമോ ? | ഇ | യോഗതീരുമാന പ്രകാരം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പ്രവർത്തികൾ പൂർത്തിയായി വരുന്നു. ഇത് പൂർത്തിയാക്കിയശേഷം ചരക്ക് കപ്പലുകൾ ഓപ്പറേറ്റ് ചെയ്യാൻ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ